21/7/22


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561614, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


**AP.No.1050 (1)/2021/SIC തീർപ്പു കല്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 8632/SIC-G4/2021)**

(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ജൂലൈ 8**

ശ്രീ.യശ്പാൽ പി.വി.,
പുന്നയ്ക്കാപറമ്പിൽ,
ആലത്തൂർ പി.ഒ.,
അന്നമനട, തൃശ്ശൂർ -680 741.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &,
   ഡെപ്യൂട്ടി കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്,
   റൗണ്ട് നോർത്ത്, തൃശ്ശൂർ.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &,
   ദേവസ്വം ഓഫീസർ, അന്നമനട ദേവസ്വം,
   അന്നമനട, തൃശ്ശൂർ.
3. അപ്പീൽ അധികാരി & സെക്രട്ടറി (ഇൻ- ചാർജ്)
   കൊച്ചിൻ ദേവസ്വം ബോർഡ്,
   റൗണ്ട് നോർത്ത്, തൃശ്ശൂർ- 680 001.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 23.11.2021-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ, 16.4.2021-ന് ഹർജിക്കാരൻ നൽകിയ ഒന്നാം അപ്പീൽ അപേക്ഷ 9.11.2021-നാണ് മൂന്നാം എതിർകക്ഷിയായിരുന്ന ശ്രീമതി ഷീജ വി.എ. തീർപ്പാക്കിയത് എന്നതിനാൽ ടിയാളുടെ ഇക്കാര്യത്തിലുള്ള വിശദീകരണം കമ്മീഷൻ പരിശോധിച്ച് ടിയാളെ നേരിൽ കേൾക്കാൻ 31.5.2022-ന് കമ്മീഷൻ അവസരം നൽകിയിരുന്നുവെങ്കിലും, രേഖാമൂലം കമ്മീഷന്റെ മുൻകൂർ അനുമതി വാങ്ങാതെ ടിയാൾ 31.5.2022-ന് കമ്മീഷൻ നടത്തിയ ഹിയറിംഗിൽ നിന്നു വിട്ടു നിന്നിട്ടുള്ളതാണ്. ടി വീഴ്ച ഗൗരവമായി കണ്ട്, ഇക്കാര്യത്തിലുള്ള ടിയാളുടെ വിശദീകരണം കമ്മീഷൻ തേടിയതിൽ 13.6.2022-ന് ടിയാൾ കമ്മീഷനിൽ ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, ടിയാൾ കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയായി 1.5.2016-നാണ്

ചുമതലയേറ്റതെന്നും അന്നു മുതൽ 2021 ഏപ്രിൽ വരെ വിവരാവകാശ നിയമപ്രകാരം അപ്പീൽ അധികാരി എന്ന നിലയിൽ തന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും വേണ്ടവിധം ഭംഗിയായി നിർവ്വഹിച്ചിട്ടുണ്ടെന്നും 2021 മേയ് ആദ്യ ആഴ്ചയിൽ കോവിഡ്-19 ബാധിക്കുകയും, അതിന്റെ നിരീക്ഷണ കാലയളവിനു തൊട്ടുപിന്നാലെ കോവിഡാനന്തര അസ്വാസ്ഥ്യങ്ങൾ ബാധിച്ച് ബോധക്ഷയം സംഭവിക്കുകയും എറണാകുളം ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ ചികിത്സയ്ക്ക് വിധേയമാകുകയും ചെയ്തുവെന്ന് ബോധ്യപ്പെട്ടിരിക്കുന്നതും ഇതേ തുടർന്ന് 31.5.2021 മുതൽ 9.1.2022 കൂടി ദീർഘകാലം അവധിയെടുത്ത് ചികിത്സ നടത്തിയതിന്റെ ഫലമായി 10.1.2022 മുതൽ ഓഫീസിൽ ഹാജരാകാൻ സാധിച്ചുവെങ്കിലും, കോവിഡ് ബാധക്ക് മുമ്പുണ്ടായിരുന്ന ആരോഗ്യം പൂർണ്ണമായും തിരിച്ചു കിട്ടിയിരുന്നില്ലെന്നും ഇക്കാരണങ്ങളാലും, 31.5.2022-ന് സേവനത്തിൽ നിന്നും വിരമിക്കുന്നതിനാലുമാണ് അന്നേ ദിവസം കമ്മീഷൻ മുമ്പാകെ ഹിയറിംഗിൽ നിന്നും വിട്ടുനിന്നതെന്നും ടിയാൾ അവധിയെടുത്ത കാലയളവിൽ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന ഡെപ്യൂട്ടി കമ്മീഷണർ ശ്രീമതി പി.ഡി.ശോഭനയാണ് 9.11.2021-ന് ബഹു. കമ്മീഷൻ മുമ്പാകെ വിശദീകരണം സമർപ്പിച്ചതെന്നും ടിയാൾ ജോലിയിൽ പുന:പ്രവേശിച്ച സമയം സെക്രട്ടറിയുടെ ചാർജ്ജ് ഒഴിവായി, ഡെപ്യൂട്ടി കമ്മീഷണർ & സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ചുമതലയിൽ തുടരുകയും 31.5.2022-ന് ഹിയറിംഗിൽ ഹാജരാകുകയും ചെയ്തിട്ടുള്ളതാണെന്നും മേൽ വിവരിച്ച സാഹചര്യങ്ങളിൽ ഹിയറിംഗിൽ ഹാജരാകാതിരുന്നത് മാപ്പാക്കി തുടർനടപടികളിൽ നിന്നും ഒഴിവാക്കി ഉത്തരവുണ്ടാകണമെന്നുമാണ്.

ടി വിശദീകരണം കമ്മീഷൻ പരിശോധിച്ചതിൽ ഹർജിക്കാരൻ അപ്പീൽ നൽകിയ 16.4.2021 മുതൽ അപ്പീലിന് മറുപടി നൽകിയ 9.11.2021 വരെയുള്ള കാലയളവിൽ ടിയാൾ കോവിഡാനന്തര ചികിത്സയ്ക്കായി ലീവായിരുന്നുവെന്നും അപ്പീലിന് മറുപടി നൽകിയ, ടിയാരിയുടെ ചാർജ് വഹിച്ചിരുന്ന എസ്.പി.ഐ.ഒ. ഹിയറിംഗിൽ പങ്കെടുത്തിരുന്നതായും കാണുന്നു. ആയതിനാൽ ടി വിശദീകരണം വസ്തുതാപരമാണെന്ന് കാണുന്നതിനാൽ ആയത് അംഗീകരിച്ച് ഈ അപ്പീൽ ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2022 ജൂലൈ 8-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
**ഡോ.വിശ്വാസ് മേത്ത**
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്
Sd/-
കമ്മീഷൻ സെക്രട്ടറി